# പത്രവാർത്ത

തിരുവനന്തപുരം : തിരുവനന്തപുരത്തും നാഗർ കോവിലിലും നിരവധി കൊലപാതകശ്രമം,മാലപ്പൊട്ടിപ്പ്, ബൈക്ക് മോഷണം, വീട് കവർച്ച എന്നീ കേസുകളിലെ കൊടും കുറ്റവാളി തിരുവനന്തപുരം സിറ്റി ഷാഡോ പോലിസിന്റെ പിടിയിലായി.തിരുവനന്തപുരം മുട്ടത്തറ സ്വദേശിയായ മാക്കാൻ എന്ന് വിളിയ്ക്കുന്ന വിഷ്ണു (21) ആണ് പിടിയിലായത്.

തിരുവനന്തപുരം ഫോർട്ട് പോലിസ് സ്റ്റേഷനിൽ ഇയാൾക്കെതിരെ മാല – മൈബൈൽ ഫോൺ മോഷണം, തമിഴ്നാട് വടശ്ശേരിയിൽ മോഷ്ടിച്ച ബൈക്കുകളിൽ കറങ്ങി സ്ത്രികളുടെ മാല പൊട്ടിച്ച ആറ് കേസുകളിലായി മൂന്ന് വർഷത്തോളം കേരളത്തിലും തമിഴ് നാട്ടിലുമായി ജയിൽ ശിക്ഷ അനുഭവിച്ച ഇയാൾ ജയിൽ മോചിതനായ ശേഷംപേരൂർക്കട സ്വദേശിയായ വിനോദ് വർമ്മയെ സംഘം ചേർന്ന് വധിയ്ക്കാൻ ശ്രമിച്ച കേസ്, ശ്രീകാര്യം സ്വദേശിയായ ബൈജുവിന്റെ ഭാര്യയുടെ താലിമാല വീട്ടിൽ കയറി കവർന്ന കേസ്, തമ്പാനൂർ സ്വദേശിയായ മനുവിന്റെ കടയിൽ കയറി പട്ടാപകൽ മൈബൈൽ ഫോൺ മോഷ്ടിച്ച കേസ് എന്നിവ ചെയതതായി പോലിസിനോട് സമ്മതിച്ചിട്ടു ്.

തിരുവനന്തപുരം സിറ്റി പോലിസ് കമ്മീഷണർ പി.പ്രകാശിന്റെ നിർദ്ദേശ പ്രകാരം ഡിസിപി ജി.ജയദേവിന്റെ മേൽനോട്ടത്തിൽ സ്പെഷ്യൽ ബ്രാഞ്ച് എ സി പി പ്രമോദ് കുമാർ, പേരൂർക്കട എസ് ഐ ശ്രീകുമാർ,ഷാഡോ എസ് ഐ സുനിൽ ലാൽ, ഷാഡോ എ എസ് ഐ ലഞ്ചു ലാൽ, ഷാഡോ ടിം അംഗങ്ങൾ എന്നിവരാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നല്കിയത്.